# കലക്ടർമാരുടെ യോഗം

തിരുവനന്തപുരം

15.12.2009

വകുപ്പുതലവന്മാരുടെയും ജില്ലാ കലക്ടർമാരുടെയും വാർഷിക യോഗത്തിൽ പങ്കെടുക്കാനെത്തിയ എല്ലാവർക്കും ആശംസകൾ.

പദ്ധതിപ്രവർത്തനം ഏറ്റവും സത്വരമാകേണ്ട അവസാനത്തെ ടേമിന് തൊട്ടുമുമ്പാണ് നാം യോഗം ചേരുന്നത്. കഴിഞ്ഞ എട്ടരമാസ ക്കാലത്തെ അനുഭവങ്ങൾ അവലോകനം ചെയ്ത് പിഴവുകളും വീഴ്ചകളും പരിഹരിച്ച് പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനുള്ള തീരുമാനമെടുക്കുക - അതാണ് ഈ യോഗത്തിന്റെ മുഖ്യലക്ഷ്യം. വിവിധ വികസന പദ്ധതികളുടെയും ക്ഷേമപദ്ധതികളുടെയുമെല്ലാം നടത്തിപ്പിൽ അതത് ജില്ലകളിലുണ്ടാകുന്ന പ്രായോഗികപ്രശ്നങ്ങൾ ഈ യോഗത്തിൽ അവതരിപ്പിക്കുകയും അതിനുള്ള പരിഹാരം നിർദ്ദേശിക്കുകയും വേണം.

നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം രാജ്യത്താകെ കടുത്ത പ്രയാസം സൃഷ്ടിച്ച ഘട്ടമാണിത്. ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിലക്കയറ്റത്തിന് രൂക്ഷത കൂടുക സ്വാഭാവികമാണ്. എന്നാൽ പാവപ്പെട്ടവർക്ക് രണ്ട് രൂപ നിരക്കിൽ അരി നൽകിയും വൻതോതിൽ സബ്സിഡി നൽകി വിപണി ഇടപെടൽ ശക്തിപ്പെടുത്തിയും വിലക്കയറ്റത്തിന്റെ തോത് കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിഞ്ഞു. എന്നാൽ രാജ്യത്താകെ യുള്ള വിലക്കയറ്റം ഇവിടെയും ബാധിച്ചിട്ടുണ്ട്. പൂഴ്ത്തിവെയ്പ്പും കൃത്രിമ വിലക്കയറ്റവും ഇതിന്റെ ഭാഗമായി ഉണ്ടാവാം.

ഇക്കാര്യത്തിൽ കളക്ടർമാർ സത്വരശ്രദ്ധപതിപ്പിക്കണം. രണ്ട് രൂപ നിരക്കിലുള്ള അരി വിതരണം ശരിയായും കൃത്യമായും നടക്കുന്നുവെന്ന് ഉറപ്പ് വരുത്തണം. ഈ ഇനത്തിൽ റേഷൻ ഡീലർമാർക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ ശ്രദ്ധിക്കണം. പ്രൈസ് മോണിറ്ററിങ് സെൽ യോഗം ചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഓരോ ജില്ലയിലും പത്ത് വീതം മാവേലി ന്യായവില ഹോട്ടലുകൾ തുടങ്ങാനും 10-15 രൂപക്ക് ഉച്ചയൂൺ ലഭ്യമാക്കാനും തീരുമാനിച്ചിട്ടുണ്ട്. തീരുമാനപ്രകാരം ഇന്നാണ് മാവേലി ഹോട്ടൽ തുടങ്ങേണ്ടത്. അതിന്റെ സ്ഥിതി എന്തെന്ന് വിശദീകരിക്കണം. ഈ സംവിധാനത്തെ ദുരുപയോഗം ചെയ്യാനുള്ള സാധ്യത പൂർണമായും തടയുകയും വേണം.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എല്ലാ ജില്ലയിലും ആരംഭിക്കുകയും രജിസ്ട്രേഷൻ പൂർണമാവുകയും ചെയ്തെങ്കിലും നൂറ് ദിവസത്തെ തൊഴിൽ നൽകുക എന്ന ലക്ഷ്യത്തിന് അടുത്തൊന്നുമെത്താനായിട്ടില്ല. തൊഴിൽ ചെയ്തവർക്ക് വേതനം നൽകുന്നതിൽ നീതീകരിക്കാനാവാത്ത കാലതാമസമുണ്ടാകുന്നതായി പരാതിയുണ്ട്. ഈ പദ്ധതിയുടെ ജില്ലാ കോ- ഓഡിനേറ്ററുടെ ചുമതല കലക്ടർമാർക്കാണ്. എന്നാൽ കലക്ടർമാർ ആ ചുമതല നിർവഹിക്കാൻ തുടങ്ങിയിട്ടില്ലെന്നാണ് മനസ്സിലാകുന്നത്. ഈ വീഴ്ച അടിയന്തരമായി പരിഹരിക്കപ്പെടണം.

ഇ.എം.എസ്. സമ്പൂർണ ഭവനപദ്ധതി നടപ്പാക്കുന്നതിനുള്ള പശ്ചാത്തലപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഗുണഭോക്തൃ പട്ടിക ഏറെക്കുറെ പൂർത്തിയായി. ഒരുലക്ഷത്തോളം കുടുംബങ്ങൾക്ക് സ്ഥലംകൂടി ലഭ്യമാക്കിയാലേ വീടുണ്ടാക്കാനാവൂ. ഭൂമി കണ്ടെത്തുന്നതിൽ കലക്ടർമാരുടെ ഭാഗത്തുനിന്ന് നല്ല ശ്രമം വേണം.

പുറമ്പോക്ക് ഭൂമി, മിച്ചഭൂമി എന്നിവക്ക് പുറമെ അക്വിസിഷനും വേണ്ടി വന്നേക്കും. ഇത് പ്രധാന ചുമതലയായി കണ്ട് പ്രവർത്തിക്കണം.

സുനാമി പുനരധിവാസ പദ്ധതിയും അതിന്റെ ഭാഗമായ സമഗ്ര തീരദേശ വികസനപദ്ധതികളും പൂർത്തിയാക്കാൻ ഇനി മൂന്ന് മാസത്തെ സമയമേയുള്ളൂ. 2010 മാർച്ച് 31നകം പണി മുഴുവൻ തീർത്തില്ലെങ്കിൽ ഗുരുതരമായ ഭവിഷ്യത്തുണ്ടാകുമെന്ന് മനസ്സിലാക്കി നടപടികൾ നീക്കണം.

നെൽപാടങ്ങളും തണ്ണീർത്തടങ്ങളും നികത്തുന്നത് തടയാനുള്ള നിയമം പ്രാബല്യത്തിലുണ്ടെങ്കിലും പലേടത്തും നികത്തൽ നടക്കുന്നതായി പരാതിയുണ്ട്. ചട്ടങ്ങൾ ദുർവ്യാഖ്യാനം ചെയ്തും കൈക്കൂലി വാങ്ങിയുമെല്ലാം നിയമലംഘനത്തിനുനേരെ കണ്ണടയ്ക്കുന്നുവെന്നാക്ഷേപങ്ങളുണ്ട്. ഈ നിയമവുമായി ബന്ധപ്പെട്ട പ്രാദേശിക സമിതികൾ രൂപീകരിച്ച് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് നിയമം അനുശാസിക്കുന്നുണ്ട്. സമിതി ഉള്ള ചില ജില്ലകളിൽ കാര്യക്ഷമത പോരെന്നാണ് പരാതിയെങ്കിൽ തിരുവനന്തപുരം, കണ്ണൂർ, വയനാട് ജില്ലകളിൽ അങ്ങനെയൊരു സമിതിയേ ഇല്ലെന്നതാണവസ്ഥ. ഇത് പരിഹരിക്കപ്പെടണം. റവന്യൂ റിക്കവറി, ലാന്റ് റവന്യൂ എന്നിവയിൽ കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് പിരിവ് ഗണ്യമായി കുറഞ്ഞതായി കാണുന്നു. നടപടികൾ പെട്ടെന്ന് തീർത്ത് പിരിവ് ത്വരിതപ്പെടുത്തണം.

ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. ജില്ലാതലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കണമെന്ന നിർദ്ദേശം ഒമ്പത് ജില്ലകളിൽ നടപ്പാക്കിയിട്ടില്ല.

ഫ്ളഡ് മാനേജ്മെന്റ് പ്ലാൻ ഇടുക്കിയിൽ മാത്രമാണ് തയ്യാറാക്കിക്കഴിഞ്ഞിട്ടുള്ളത്. ഇക്കാര്യത്തിൽ ഏറ്റവും പെട്ടെന്നുതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

വിലയിടിവ്മൂലം നാളികേര കർഷകർ ദുരിതമനുഭവിക്കുകയാണ്. തെല്ലൊരാശ്വാസമെന്ന നിലയിൽ കൊപ്രസംഭരണം കാര്യക്ഷമമാക്കാൻ കഴിയണം. ഇതുവരെയുള്ള റിപ്പോർട്ടുകൾ പ്രകാരം പത്തനംതിട്ട, കോട്ടയം ജില്ലകളിൽ കൊപ്രസംഭരണം തുടങ്ങിയിട്ടേയില്ല. തിരുവനന്തപുരത്തും എറണാകുളത്തും നാമമാത്രമാണ് സംഭരണം. ഇടുക്കി, വയനാട് ജില്ലകളിൽ കൊപ്രസംഭരണത്തിന് സഹകരണസംഘങ്ങളെ നിശ്ചയിച്ചിട്ടുമില്ല. കേരഫെഡിന്റെയും സഹകരണവകുപ്പിന്റെയും അധികൃതരുമായി ചർച്ചചെയ്ത് കൊപ്രസംഭരണം കാര്യക്ഷമമാക്കാൻ നടപടിയെടുക്കണം.

2011 ലെ കാനേഷുമാരിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങാറായിരിക്കുന്നു. ജില്ലാകലക്ടർമാരാണ് അതത് ജില്ലകളിലെ പ്രിൻസിപ്പൽ സെൻസസ് ഓഫീസർ. കാനേഷുമാരിയുമായി ബന്ധപ്പെട്ട് അതത് ജില്ലകളിൽ ആവശ്യമായ മറ്റുദ്യോഗസ്ഥരെ നിശ്ചയിക്കേണ്ടത് കലക്ടർമാരാണ്. കണക്കെടുപ്പിന് 63900 എന്യൂമറേറ്റർമാരും 10700 സൂപ്പർവൈസർമാരും വേണ്ടിവരും. എന്യൂമറേറ്റർമാരായി പ്രൈമറി സ്കൂൾ അധ്യാപകരെയും സൂപ്പർവൈസർമാരായി ഹൈസ്കൂൾ അധ്യാപകരെയും മറ്റ് ഉദ്യോഗസ്ഥരെയും നിശ്ചയിക്കേണ്ടതുണ്ട്. ഇവർക്ക് അടുത്ത മാർച്ച് മാസത്തിനകം പരിശീലനം നൽകേണ്ടതുണ്ട്. മറ്റ് പ്രവർത്തനങ്ങളെ ബാധിക്കാതെ ഇതെല്ലാം എങ്ങനെ നിർവഹിക്കാം എന്ന കാര്യത്തിൽ ആലോചന വേണം.

കൂടുതൽ കാര്യങ്ങളിലേക്ക് കടക്കാതെ നിർത്തുന്നു.

☆☆☆☆☆☆